**MADHYAMAM - 14-01-2025**

# മത്സ്യത്തൊഴിലാളികൾക്ക് ശബ്ദ സന്ദേശ സേവനം തുടങ്ങി

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റിന്റെയും റിലയൻസ് ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള ശബ്ദരേഖ സന്ദേശ സേവനം ആരംഭിച്ചു. പദ്ധതി ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ് നൈനാൻ നിർവഹിച്ചു. കടൽ സുരക്ഷ, ബോട്ട് സുരക്ഷ, മത്സ്യ ശുചിത്വം, മത്സ്യ മൂല്യവർധിത ഉൽപന്നങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കാനാണ് ഈ സേവനം ലക്ഷ്യമിടുന്നത്.

സിഫ്റ്റിലെ ശാസ്ത്രജ്ഞൻമാരുടെ സഹായത്തോടെ വിവരങ്ങൾ റിലയൻസ് ഫൗണ്ടേഷൻ വോയിസ് കാൾ വഴി സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് നൽകും. സിഫ്റ്റിലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഏകോപിപ്പിക്കുന്ന പരിപാടി മത്സ്യത്തൊഴിലാളി സമൂഹത്തിന് സമയബന്ധിതവും വിശ്വസനീയവുമായ അപ്ഡേറ്റുകൾ ഉറപ്പാക്കും. കേരളത്തിലെ ആറ് തീരദേശ ജില്ലകളിലെ അറുപതിനായിരത്തോളം മൽസ്യത്തൊഴിലാളികൾക്ക് സേവനം ലഭ്യമാകുമെന്ന് റിലയൻസ് ഫൗണ്ടേഷൻ ക്ലസ്റ്റർ മാനേജർ നഫാസ് കെ. നാസർ വിശദീകരിച്ചു.



മത്സ്യത്തൊഴിലാളികൾക്കായുള്ള ശബ്ദരേഖ സന്ദേശ സേവനം സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ് നൈനാൻ ഉദ്ഘാടനം ചെയ്യുന്നു